# 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ആക്റ്റ് താഴെ പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജൂലൈ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ ആക്റ്റിലെ (2007-ലെ 14) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "രണ്ടു വർഷക്കാലത്തേക്ക് നിർത്തിവയ്ക്കപ്പെട്ടിരിക്കുന്നു" എന്ന വാക്കുകൾക്കു പകരം "നാല് വർഷക്കാലത്തേക്ക് നിർത്തിവയ്ക്കപ്പെട്ടിരിക്കുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പുപ്രകാരം ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കപ്പെട്ടിരുന്ന കാലാവധി അവസാനിച്ചിരുന്നാൽ തന്നെയും, അങ്ങനെയുള്ള കാലാവധി അവസാനിച്ചശേഷവും 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ഓർഡിനൻസ് (2009-ലെ 11) പ്രസിദ്ധീകരിച്ച 2009 ഏപ്രിൽ 8-ാം തീയതിക്കുമുൻപും, ഏതെങ്കിലും കോടതിയോ ലാന്റ് ട്രൈബ്യൂണലോ താലൂക്ക് ലാന്റ് ബോർഡോ സംസ്ഥാന ലാന്റ് ബോർഡോ അഥവാ മറ്റേതെങ്കിലും അധികാരസ്ഥാനമോ പ്രസ്തുത ഭൂമി കൈവശക്കാരായ ആളുകളെ ഒഴിപ്പിക്കുന്നതിനായി ചെയ്ത ഏതെങ്കിലും സംഗതിയോ എടുത്ത ഏതെങ്കിലും നടപടിയോ, അസാധുവായിരിക്കുന്നതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ഓർഡിനൻസ് (2009-ലെ 13) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അഥവാ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.